# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3279 21.08.17 ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളുടെ വേഗ നിയന്ത്രണ സംവിധാനം</u>**

| **ചോദ്യം**<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | **മറുപടി**<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന പാതകളിൽ വാഹനങ്ങളുടെ വേഗ നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | സ്ഥാപിച്ചിട്ടുള്ള വേഗ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഓരോ മേഖലയ്ക്കും നിശ്ചയിച്ചിട്ടുള്ള വേഗപരിധി പാലിക്കപ്പെടുന്നു-ണ്ടോയെന്ന് പരിശോധിക്കാൻ സർക്കാർ നിയന്ത്രണത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ മേഖലയിലും നിശ്ചയിച്ചിട്ടുള്ള വേഗപരിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിരത്തുകളിൽ ക്യാമറ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സ്വകാര്യ ബസ്സുകളിൽ വേഗപ്പൂട്ട് നിർബന്ധമാക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശ നടപ്പാക്കാൻ നിർദ്ദേശം നൽകാനും ഒപ്പം മറ്റു വേഗ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കാനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ ബസ്സുകൾക്കും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ